**NOV: 10**

# KGBEU OU ബുള്ളറ്റിൻ 58/2022

സഖാക്കളെ,

## വിഷയം: അക്കൗബിലിറ്റി

ഒരു ബ്രാഞ്ചിൽ 2015 ൽ matured ആയ FD close ചെയ്തു തരണം എന്ന് Customer ആവശ്യപ്പെട്ടു. എന്നാൽ FD റസീറ്റ് തിരികെ നൽകാതെ ഒരു ലെറ്റർ മാത്രം ആണ് Customer ബ്രാഞ്ചിൽ നൽകിയത് എന്നതിനാൽ close ചെയ്യാൻ സാധിച്ചില്ല. close ചെയ്യാൻ ആവഷ്യപ്പെട്ട account ആയതിനാൽ FD പുതുക്കിയിരുന്നില്ല. എന്നാൽ 6 വർഷം കഴിഞ്ഞപ്പോൾ, 2021 ൽ പുതുക്കാത്ത കാലയളവിലെ interest FD നിരക്കിൽ വേണം എന്ന് കസ്റ്റമർ ആവശ്യപ്പെടുകയും ബാങ്ക് അത് നൽകുകയും ചെയ്തു. പിന്നീട് ഈ interest 2015 മുതൽ 2021 വരെ ആ ബ്രാഞ്ചിൽ ജോലി ചെയ്ത ജീവനക്കാരിൽ നിന്ന് പിടിക്കുന്നതിന് മാനേജ്മെന്റ് തീരുമാനിച്ചിരിക്കുകയാണ്. FD റസീറ്റ് ഇല്ലാതെയോ പകരം indemnity bond നൽകാതെയോ FD അക്കൗണ്ട് close ചെയ്യാൻ ഒരു തരത്തിലും നമ്മുടെ നിയമം അനുവദിക്കുന്നില്ല എന്നതിനാലും കസ്റ്റമർക്ക് FD നിരക്കിലുള്ള interest നൽകിയതിൽ ജീവനക്കാർക്ക് യാതൊരു പങ്കുമില്ല എന്നതിനാലും അക്കൗണ്ടബിലിറ്റി fix ചെയ്യുന്നെങ്കിൽ പ്രസ്തുത തീരുമാനം എടുത്ത ജനറൽ മാനേജർക്കാണ് അത് fix ചെയ്യേത്. അശാസ്ത്രീയവും വിചിത്രവുമായ മാനേജ്മെന്റ് നിലപാടിനെതിരെ സംഘടന ശക്തമായി പ്രതിഷേധിക്കുകയും ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ല എന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. എത്രയും പെട്ടെന്ന് മാനേജ്മെന്റിന്റെ തെറ്റായ തീരുമാനം പിൻവലിക്കണം എന്ന് നാം ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. മാനേജ്മെന്റിന് ചെയ്ത തെറ്റ് ബോധ്യപ്പെട്ടിട്ടുണ്ട് എന്നാണ് നാം മനസ്സിലാക്കുന്നത്. തിരുത്തും എന്നാണ് നമ്മുടെ പ്രതീക്ഷ.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ